കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ രസീത് സഹിതം)

നം.കെ.എസ്.എ-പികെഡി15-160/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 01.03.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടായി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും

പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി15-160/2019 തിയ്യതി: 01.03.2019.

<u>സാമ്പത്തിക വർഷത്തെ2017-18 ഗ്രാമപഞ്ചായത്തിന്റെ കോട്ടായിപാലക്കാട്</u>

## ജില്ലയിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017 മുതൽ തിയതി 11-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2018 മുതൽ 21-11-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സി.രാജശ്വരി | ഓഡിറ്റർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പി.പ്രീത | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ഹരിദാസൻ | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മേരി വിജയ | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ.ഷരീഫ് | 1-4-2017 മുതൽ 30-6-2017 വരെ<br>(1.7.17 to 9.7.17 vacant) |
| | ശ്രീ.പ്രസാദ് .ജെ | 10-7-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിമി. എം.ടി | 1.4.17 to 30.11.2017 |
| | ശ്രീമതി.മഹേശ്വരി | 1.12.2017 to 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. രാധാകൃഷ്ണൻ.കെ | 1-4-2017 മുതൽ 8-1-2018 വരെ |
| | ശ്രീ.പി.എം.ദേവപ്രസാദ് | 9-1-2018 മുതൽ 13-3-2018 വരെ |

| | | |
|---|---|---|
| | സോനു.ജി.കുമാർ | 13-3-2018 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ലീമോഹൻ | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ഷിജിൻ.കെ.ബി | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ശ്രീനിവാസൻ | 1-4-2017 മുതൽ 24-10-2017 വരെ |
| | ഡോ. സി.യു. സജിത്്കുമാർ | 25-10-2017 മുതൽ 31-3-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജയലക്ഷ്മി | 1-4-2017 മുതൽ 31-3-2018 വരെ |
| എച്ച്.എം | vacant | 1-4-2017 മുതൽ 7.06.2017 |
| എച്ച്.എം | ശ്രീമതി.എം.ജയ | 8.06.2017 to 31-3-18 വരെ |
| അസി.സെക്രട്ടറി | ശ്രീ. പ്രസന്നകുമാർ.വി | 1-4-2017 മുതൽ 22.08.17 FN വരെ |
| | ശ്രീ. ശശികുമാർ | 22.08.17 AN to 31-3-2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

25-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് – 5683172

വരവ് – 119856558

ആകെ – 125539730

ചെലവ് – 119241280

ബാലൻസ് – 6298450

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 30-05-2018 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 02.07.2018 മുതൽ 03.07.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(17)/2018 തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6626463 |
| വരവ് | 68671135 |
| ആകെ | 75297598 |
| ചെലവ് | 71267112 |
| നീക്കിയിരിപ്പ് | 4030486 |

# 1-5 സാമ്പത്തിക നില

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എ.സി.ആർ പ്രകാരം) | 0 | 10896000 | 10896000 | 9732189 | 1163811 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 15357616 | 15357616 | 14422261 | 935355 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 11204000 | 11204000 | 11033469 | 170531 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2591000 | 2591000 | 2578454 | 12546 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5117870 | 5117870 | 4331949 | 785921 |
| കെ.എൽ.ജി. എസ്. ഡി.പി (എ.സി.ആർ പ്രകാരം) | 0 | 1030687 | 1030687 | 960773 | 69914 |
| എം.എൻ. ആർ.ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2536 | 881251 | 883787 | 880937 | 2850 |

| | | | | | |
|---|---|---|---|---|---|
| എം.എൻ. ആർ.ഇ.ജി. എസ്-തൊഴി ലാളികളുടെ വേതനം | 0 | 13779232 | 13779232 | 13779232 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ബ്ലോക്ക് പഞ്ചായത്ത് | 0 | 799450 | 799450 | 799448 | 2 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചാ യത്ത് | 0 | 100000 | 100000 | 100000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1262357 | 7635000 | 8897357 | 8298008 | 599349 |
| ICDS - കേന്ദ്രവിഹിതം | 1577750 | 851163 | 2428913 | 880402 | 1548511 |
| TSC | 2754677 | 1003365 | 3758042 | 1221433 | 2536609 |
| തനത് ഫണ്ട്- ബാങ്ക് | 978523 | 12477579 | 13456102 | 14162774 | (-)706672 |
| ബി ഫണ്ട്- തൊഴിലില്ലായ്മാ വേതനവും വിവാഹ ധനസഹായവും | 0 | 562320 | 562320 | 562320 | 0 |
| ബി ഫണ്ട്- കൃഷി | 0 | 649360 | 649360 | 649360 | 0 |

തനത് ഫണ്ട് ബാലൻസ് തുക നെഗറ്റീവ് ആണെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. മറ്റ് ആവശ്യങ്ങൾക്കായി ലഭിച്ച തുകകളിൽ നിന്നുമാണ് കണ്ടിജന്റ്/എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് ഉൾപ്പെടെയുള്ള ഇനങ്ങൾക്ക് ഫണ്ട് കണ്ടെത്തിയിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 268 | 80377157 | 193 | 46496378 | 75 | 72 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 72% എണ്ണം തൻവർഷം മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്- | 0 | 13779232 | 13779232 | 13779232 | 0 |
| ഭരണചെലവ് | 2536 | 881251 | 883787 | 880937 | 2850 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 139 | 82320 |
| വിധവാപെൻഷൻ | 1043 | 11284800 |
| വാർദ്ധക്യകാലപെൻഷൻ | 1632 | 16682700 |
| കർഷക തൊഴിലാളി പെൻഷൻ | 655 | 6926500 |
| വികലാംഗപെൻഷൻ | 288 | 2947500 |
| അവിവാഹിത പെൻഷൻ | 104 | 844400 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-11-2018 ന് 3.30 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24788 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ആവശ്യമായ സംഗതിയിൽ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റവേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. ഇതിനായി സോഫ്റ്റ്വേർ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

മുഴുവൻ ചെലവു തുകകളും ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച് ഭാഗം 2ൽ പരാമർശിച്ചിട്ടുണ്ട്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി 80% നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതുണ്ട്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

Software 100% successful എന്ന് പറയാനാവില്ല. Bill Registerന് സമാനമായ ഒരു സംവിധാനം Softwareൽ ഇല്ലാത്തതിനാൽ manual രജിസ്റ്റർ സൂക്ഷിക്കേണ്ടി വരുന്നു. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. ചെലവു തുക കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaitionന്റെ പ്രയോജനം ലഭിക്കുന്നില്ല. സഞ്ചയ Property Taxലെ രേഖകൾ തയ്യാറാക്കുന്നത് എളുപ്പമാക്കിയിട്ടുണ്ട്. മറ്റ് വരവിനങ്ങളും കൂടി സാംഖ്യയുമായി ബന്ധിപ്പിക്കണം. സങ്കേതം Softwareൽ Licenced Building Supervisorsന്റെ സഹായത്തോടെ മാത്രമേ പെർമിറ്റ് നേടാനാവുകയുള്ളൂ.

വിവിധ അപേക്ഷകൾ സമർപ്പിച്ചശേഷം പൊതുജനങ്ങൾക്ക് Online ആയി സർട്ടിഫിക്കറ്റുകൾ Print എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പ്രയോജനകരമാണ്. Property taxന് വേണ്ടി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വേർ കുറ്റമറ്റതാക്കേണ്ടതുണ്ട്. Financial Transactions സാംഖ്യയുമായി ബന്ധിപ്പിച്ച് Online Transaction ബാധകമാക്കണം. പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് മാത്രമാണ് Software ഉള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. Payment അടിക്കുക കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaitionന്റെ പ്രയോജനം ലഭിക്കുന്നില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി ഉപയോഗപ്പെടുത്തി ഗ്രാമത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയത് | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 12629639 | 9732189 | 77% |
| പ്ലാൻ (എസ്.സി.പി) | 24922015 | 14422261 | 58% |
| ധനകാര്യ കമ്മീഷൻ അവർഡ് | 8543554 | 4331949 | 50.7% |
| ലോക ബാങ്ക് ധനസഹായം | 964247 | 960773 | 99.64% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 17898936 | 11033469 | 61.64% |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4520755 | 2578454 | 57% |

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2018 | 09/2018 | 17.10.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.2006 to 28.10.2006 | 1997-98 to 2005-06 | 1.1.2006 |

# 1-12 വാർഷികകണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു

വസ്തു നികുതി ഇനത്തിൽ 2017-18 സാമ്പത്തിക വർഷാവസാനത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ആകെ 964214 രൂപ പിരിച്ചെടുക്കാൻ ബാക്കിയായി നിലനിൽക്കുന്നു.

| ഇനം | കുടിശ്ശിക തൻവർഷം | മുൻ വർഷങ്ങളിലെ കുടിശ്ശിക | കുടിശ്ശിക |
|---|---|---|---|
| പാർപ്പിടം | 262514 | 12460 | 274974 |
| പാർപ്പിടേതരം | 269103 | 420137 | 689240 |

| | | | |
|---|---|---|---|
| ആകെ കുടിശ്ശിക | 531617 | 432597 | 964214 |

കുടിശ്ശിക ഈടാക്കുന്നതിന് വീടുകൾ തോറും നികുതി പിരിവ്, ഡിമാന്റ് നോട്ടീസ് വിതരണം, ക്യാംപ് കളക്ഷൻ, മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് പരസ്യങ്ങൾ നൽകൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പട്ടിക പരിശോധിച്ചാൽ ആകെ കുടിശ്ശിക 964214 രൂപയിൽ 689240 രൂപയും പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയാണ് അവശേഷിക്കുന്നത് എന്ന് മനസ്സിലാകും. പാർപ്പിട കെട്ടിടങ്ങളുടെ നികുതി പിരിക്കുന്നതോടൊപ്പം പാർപ്പിടേതര കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ഭരണസമിതിയുടേയും കൂട്ടായ ശ്രമം ഉണ്ടാവേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവ്രത്തിക്കുന്ന 5 മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ - ന്റെ ഉടമസ്ഥതയിലുള്ള ഒരു ടവറിന്റെ ഒഴികെ മറ്റു ടവറുകളുടെയെല്ലാം വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ഒന്നാം വാർഡിലെ 197-ാം നമ്പറിലുള്ള ബി.എസ്.എൻ.എൽ ടവറിന്റെ കുടിശ്ശിക ഇനത്തിൽ 4284 രൂപ അവശേഷിക്കുന്നുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണം നം.19, തീയതി- 21-11-2018 ന്റെ മറുപടിയിൽ ലഭ്യമാക്കിയിട്ടുള്ളത്.
വസ്തുനികുതി പിരിവ് 100% കൈവരിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ

ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.23, തീയതി-21-11-2018)

## 2-3 തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി കുറവായാണ് പഞ്ചായത്തിൽ അടച്ചിരിക്കുന്നത്.
തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്തതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിൻെറ പേര് | ജീവനക്കാരുടെ പേര് | ഒന്നാം അർദ്ധ വാർഷിക വരുമാനം | അടച്ച നികുതി | യഥാർത്ഥ നികുതി |
|---|---|---|---|---|
| കോട്ടായി | ശ്യാമരാജ്.കെ.ജെ | 62940 | 450 | 600 |

| | | | | |
|---|---|---|---|---|
| പോസ്റ്റ് ഓഫീസ് | | | | |
| സിൻഡിക്കേറ്റ് ബാങ്ക് | സുധീഷ്കുമാർ | 173320 | 750 | 1250 |
| സിൻഡിക്കേറ്റ് ബാങ്ക് | സംഗീത | 93042 | 600 | 750 |
| ആകെ | | | 1800 | 2600 |

മേൽ സൂചിപ്പിച്ചപ്രകാരം തൊഴിൽനികുതി കുറവായി ഈടാക്കിയതിൻെറ കാരണം അന്വേഷിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.4, തീയതി-16.11.2018 - നുള്ള മറുപടിയായി മേൽപ്പറഞ്ഞ ജീവനക്കാർ അതാതു സ്ഥാപനങ്ങളിൽ നിന്നും സ്ഥലം മാറിപ്പോയതുമൂലമാണ് തൊഴിൽനികുതിയിൽ കുറവു വരുത്തിയിട്ടുള്ളത് എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

സ്ഥലം മാറിപ്പോകുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ തൊഴിൽ നികുതി റജിസ്റ്ററിൽ തിയതിയുൾപ്പെടെ രേഖപ്പെടുത്തേണ്ടതാണ്.

ബി. സ്ഥാപനതൊഴിൽനികുതി അടച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | 1&2 |
| 2 | കണ്ണച്ചിപ്പറമ്പ് ക്ഷീരോദ്പാദക സഹകരണ സംഘം ലിമിറ്റഡ്. | 1&2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഒടുക്കുന്നതിന് നോട്ടീസ് നല്കിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 ഡി & ഒ ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

എ) അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉറപ്പു വരുത്തേണ്ടതാണ്

1. ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ 213 പ്രകാരം ടി.കെ.സഹദേവൻ എന്ന വ്യക്തിയുടെ സ്ഥാപനത്തിന് ലൈസൻസ്

അനുവദിക്കപ്പെട്ടിട്ടുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കിയ ലൈസൻസ് രേഖപ്രകാരം ഇദ്ദേഹത്തിൻെറ കീടനാശിനി വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള സ്ഥാപനത്തിന് 31.01.2017 വരേയെ ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. മാത്രമല്ല ഈ സ്ഥാപനത്തിന് കെമിക്കൽസ് വാങ്ങാൻ നിജപ്പെടുത്തിയ സ്ഥാപനങ്ങളുമായി ഉള്ള ലൈസൻസ് കാലാവധി 31.12.2015 ന് അവസാനിച്ചിട്ടുണ്ട്.

2.സി.നാരായണൻ, ചെവായിൽ ഹൗസ്, കോട്ടായി എന്നയാളുടെ ഉടമസ്ഥതയിലുള്ള രാസവളം, കീടനാശിനി വിൽപനയ്ക്കുള്ള ശ്രീ ശാസ്താ ഏജൻസീസ് പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡി & ഓ ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം 25.10.2016 വരെ മാത്രമേ ലൈസൻസ് കാലാവധി നല്കിയിട്ടുള്ളൂ. കെമിക്കൽസ് വാങ്ങുന്നതിനുള്ള ലൈസൻസിന് 31.12.2014വരെ മാത്രമേ കാലാവധിയുള്ളൂ.

ലൈസൻസ് കാലഹരണപ്പെട്ടതിനുശേഷവും മേൽപ്പറഞ്ഞവർക്കു ഡി & ഒ ലൈസൻസ് പുതുക്കി നല്കിയതിൻെറ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5, തിയ്യതി-17.112018 ന് നല്കിയ മറുപടിയിൽ, "നിലവിലെ നിയമങ്ങൾ പ്രകാരവും കില പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും എന്ന കൈപ്പുസ്തകത്തിലും, ഒരിക്കൽ ചട്ടങ്ങൾ പ്രകാരം നല്കിയ ലൈസൻസ് പുതുക്കുന്നതിന് ഷെഡ്യൂൾ പ്രകാരമുള്ള നിശ്ചിത ഫീസും സ്വയം സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യപത്രവും സഹിതം അപേക്ഷകൾ വർഷാവസാനത്തിന് മുൻപ് 30 ദിവസത്തിനകം അപേക്ഷിച്ചാൽ മതി എന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഡി & ഒ ലൈസൻസ് പുതുക്കി നല്കിയതാണ്" എന്ന മറുപടിയാണ് പഞ്ചായത്ത് നല്കിയിരിക്കുന്നത്. മേൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ സ്വീകരിക്കാവുന്നതല്ല.

ബി) ഭേദഗതി ചട്ടപ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.ആയതിലേയ്ക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, ഭേദഗതി ചട്ടപ്രകാരമുള്ള ഫോറങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്ന് ലഭ്യമാകാത്തതിനാൽ ആയത് സംബന്ധിച്ച ഫീസ് നിർണ്ണയിക്കുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല എന്നാണ് ബോധിപ്പിച്ചിട്ടുള്ളത്.ആയതിനാൽ എത്രയും വേഗം പുതിയ ചട്ടപ്രകാരം ഡി & ഒ ലൈസൻസ് ഫീസ് ചുമത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സി.റേഷൻകടകൾ ഡി&ഓ ചട്ടപ്രകാരമുള്ള ഫീസ് നല്കി പ്രവർത്തിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ഡി & ഒ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടുണ്ട്.പക്ഷെ റേഷൻ കടകളുടെ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല.ആയതിൻെറ കാരണം വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള റേഷൻ കടകൾ ഡി & ഒ ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള റേഷൻ കടകളുടെ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

ഡി.)ഡി&ഒ ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും വച്ചുള്ള പരിശോധനയിൽ ഇസ്മയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പലചരക്കുക്കടയ്ക്ക് ഡി& ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും

അടച്ചിട്ടില്ല.

മേൽപ്പറഞ്ഞ വ്യക്തിയുടെ സ്ഥാപനത്തിൻെറ ഡി& ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-5 വെള്ളക്കരം ,വാടക കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല

എ. വെള്ളക്കരം കുടിശ്ശിക

വെള്ളക്കരം കുടിശ്ശിക ഈടാക്കുന്നതിനും, വാടക കുടിശ്ശിക ഈടാക്കുന്നതിനുമായി കോട്ടായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റ് അന്വേഷണം 18, (തിയതി 21.11.2018) മുഖേന അറിയിക്കാൻ ആവശ്യപ്പെട്ടതിനു മറുപടിയായി , വെള്ളക്കരം കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് തല അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭാ നോട്ടീസുകൾ വഴിയും പമ്പ് ഓപ്പറേറ്റർമാർ മുഖേനയും ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

വെള്ളക്കരം കുടിശ്ശിക

| വെള്ളക്കരം കുടിശ്ശിക 2017-18 | മുൻ വർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|
| 4,17,642 | 10,98,454 | 15,16,096 |

2017-18 ലെ വാർഷിക ധനകാര്യപത്രിക, ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള കുടിശ്ശികയുടെ കണക്കാണ് മേൽ ചേർത്തിട്ടുള്ളത്. ജലവിതരണത്തിനും വിതരണ സംവിധാനത്തിന്റെ പരിപാലനത്തിനുമായി വലിയൊരു തുക പഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്നത് കുറയ്ക്കാൻ കൃത്യമായി വെള്ളക്കരം പിരിച്ചെടുക്കേണ്ടത് അനിവാര്യമാണ്.

ബി. വാടകകുടിശ്ശിക

വാടകകുടിശ്ശികയായി 3030 രൂപയാണ് 2017-2018 വർഷത്തിൽ ഈടാക്കാനുള്ളത്. ഈ തുക ഈടാക്കുന്നതിന് കത്ത് മുഖേന അറിയിപ്പ്

നൽകിയിട്ടുണ്ടെന്ന വിവരം ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ വിവരങ്ങൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 171 പ്രൊജക്ടുകളിൽ 115എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 72 | 99 | 171 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 56 | 35 | 91 |
| പാർട്ട് ബിൽ അനുവദിച്ചത് | 0 | 24 | 24 |

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ 2 എണ്ണം നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്.

1. 49/18: കോട്ടായി ബൈപ്പാസ് റോഡ് മെറ്റലിങ് & ടാറിങ്
2. 50/18: മേക്കോണം ചമ്പ്രക്കുളം കോളനി യുവജനക്ലബ്ബ് നിർമ്മാണം.

ഇവകൂടാതെ 12 പുതിയ പദ്ധതികളും വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചിട്ടുണ്ട്.

പൂർത്തീകരിച്ച 3 പ്രവൃത്തികളുടെ ബില്ലുകൾ ക്യൂ ബില്ലിൽ ഉൾപ്പെട്ടതിനാൽ തൻവർഷം തുക അനുവദിക്കാനായില്ല.

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 2444456 | 1227430 |
| വികസന ഫണ്ട് (എസ്.സി.പി) | 11009964 | 6088734 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6360354 | 3593149 |
| ലോക ബാങ്ക് ധനസഹായം | 964247 | 960773 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 |
| തനത് ഫണ്ട് | 2094444 | 750000 |
| മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത്ഫണ്ട് | 0 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 0 | 0 |
| മെയ്ന്റനൻസ് ഫണ്ട് (റോഡ്) | 17898936 | 11033469 |
| മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | 3579755 | 1735407 |
| മറ്റുള്ളവ | 180000 | 180000 |
| ആകെ | 44532156 | 25568962 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 67% പൂർത്തീകരിച്ചപ്പോൾ അനുവദിച്ച തുകയുടെ 57% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുകകൾ അതതു വർഷം തന്നെ നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് വർക്കിങ്ങ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ, സ്റ്റാന്റിങ്ങ് കമ്മറ്റി, ഭരണസമിതി, വികസന സെമിനാർ എന്നിവിടങ്ങളിൽ വിശദമായ ചർച്ചയ്ക്ക് ശേഷം പദ്ധതികൾക്ക് അന്തിമരൂപം നൽകയാണെങ്കിൽ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിൽ ഒഴിവാക്കുന്ന പ്രവണത ഒഴിവാക്കാനാവും.

വകയിരുത്തുന്ന മുഴുവൻ തുകയും തൻവർഷം തന്നെ ഉപയോഗിക്കുന്ന വിധം പദ്ധതികൾ ആവിഷ്കരിക്കുകയും നിർവ്വഹണത്തിന് ഒരുവർഷത്തിൽ കൂടുതൽ സമയം ആവശ്യമായി വരുന്ന സംഗതിയിൽ അവ ബഹുവർഷ പ്രൊജക്ടായി ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്.

2.കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18ൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇനി മേലിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറുടേയും നിർവ്വഹണക്കമ്മിറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.
8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.
9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

## 3-2 പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരും മരാമത്ത് പണികളുടെ നടത്തിപ്പിനായി ഉണ്ടാക്കുന്ന കരാർ ഉടമ്പടി ഖണ്ഡിക 28 പ്രകാരം പ്രൊജക്ടിന്റെ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കേണ്ടതുണ്ട്. എന്നാൽ കോട്ടായി ഗ്രാമപഞ്ചായത്തിൽ ഇങ്ങനെ ചെയ്യുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/20.11.18 നുള്ള മറുപടിയിൽ പ്ലാനുകളും ഡിസൈനുകളും പ്രൈസിലൂടെ നൽകിയതിന് ശേഷമാണ് പദ്ധതിക്ക് TS കിട്ടിയതെന്നും ആയതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. എന്നാൽ TSനും ടെണ്ടർ നടപടികൾക്കും ശേഷം കരാറുകാരനുമായി കരാറിൽ ഏർപ്പെടുമ്പോൾ പ്രവൃത്തി ആരംഭിക്കേണ്ടതിന്റെയും പൂർത്തീകരിക്കേണ്ടതിന്റെയും തീയതികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം കരാറിന്റെ ഭാഗമല്ലാത്തപ്പോൾ പ്രവൃത്തി പൂർത്തീകരണം വൈകുന്നതിന് കാരണമാകുന്നു. പൂർത്തീകരണം വൈകിയതിൻമേൽ നടപടി എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ആയതിനാൽ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമായി അനുബന്ധമായി ചേർക്കേണ്ടതാണ്.

# 3-4 പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഫീസിബിലിറ്റി ഉറപ്പാക്കണം.

1. 49/18:കോട്ടായി ബൈപ്പാസ് റോഡ് മെറ്റലിങ്ങ് & ടാറിങ്ങ്, 50/18:മേക്കോണം ചന്ദ്രക്കുളം കോളനി യുവജന ക്ലബ്ബ് നിർമ്മാണം, എന്നീ സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിക്കുകയാണുണ്ടായത്. രണ്ടു പദ്ധതികളും 2016-17ൽ ആവിഷ്കരിക്കുകയും 2017-18ലേക്ക് സ്പിൽ ഓവർ ആയി കൊണ്ടുവന്നതുമാണ്.

   കോട്ടായി ബൈപ്പാസ് റോഡ് മെറ്റലിങ്ങ് & ടാറിങ്ങ് എന്ന പ്രവൃത്തിക്ക് അനുവദിച്ച തുക ഉപയോഗിച്ച് മുഴവൻ റോഡ് പ്രവൃത്തി പൂർത്തീകരിക്കാനാവാത്ത അവസ്ഥയിലാണ് പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയത്.

   സ്ഥല തർക്കം കാരണമാണ് മേക്കോണം ചന്ദ്രക്കുളം കോളനി യുവജന ക്ലബ്ബ് നിർമ്മാണം എന്ന പ്രവൃത്തി ഉപേക്ഷിക്കേണ്ടിവന്നതെന്ന് മറുപടിയിൽ വ്യക്തമാക്കുന്നു.

പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി ആവശ്യമായ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടങ്ങൾക്കുള്ള പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ അതിന്റെ ആവശ്യകത ഉറപ്പാക്കുകയും സ്ഥലം, വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കുകയും വേണം. അയൽ സഭ, വാർഡ് വികസന സമിതി, ഗ്രാമ സഭ എന്നിവിടങ്ങളിലെ ചർച്ചയും അംഗീകാരവും ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-5 കരാറുകാരന് അനുവദിച്ച സേവന നികുതി അടച്ചു എന്നുറപ്പാക്കണം.

ബിൽ നമ്പർ-30/29.7.2017

ചെലവ് തുക-99,990.00
കരാറുകാരൻ-രവീന്ദ്രൻ.ടി.കെ.

പ്രൊജക്ട് നം.94/18: വൈസ് പ്രസിഡണ്ട്, ചെയർമാൻമാരുടെ ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ കരാറുകാരന് ബിൽ തുകയോടൊപ്പം സേവനനികുതിയിനത്തിൽ ₹.5604/- നൽകിയിരുന്നു. എന്നാൽ സേവനനികുതി ഒടുക്കിയതിന്റെ രസീതി ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നം.17(2)/21-11-2018) രസീതി കൈമോശം വന്നതിനാൽ പകർപ്പ് എടുക്കുന്നതിനുള്ള നടപടി ആരംഭിച്ചതായി പരാമർശിച്ചിട്ടുണ്ട്. സേവന നികുതി അടച്ചകാര്യം ഉറപ്പാക്കാനാവാത്ത പക്ഷം ₹.5604/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6 അസി. എഞ്ചിനീയർ രേഖകൾ ഹാജരാക്കിയില്ല- തുക തടസത്തിൽ വെക്കുന്നു

താഴെ പറയുന്ന ബില്ലുകൾ പ്രകാരം മാറിയ തുകകളുടെ പ്രവൃത്തി ഫയലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവുകളുടെ നിജസ്ഥിതി പരിശോധിക്കാനാവാത്ത സാഹചര്യത്തിൽ ₹.2140793/-ന്റെ ചെലവ് തടസത്തിൽ വെക്കുന്നു.

| ക്രമ നം. | ബിൽ നം. | പ്രൊജക്ടിന്റെ വിവരം | തുക (₹) |
|---|---|---|---|
| 1 | 14/30.06.2017 | 35/18: വിവിധ കുടിവെള്ള പദ്ധതികളിൽ ടാങ്ക് നിർമ്മാണം | 377073 |
| 2 | 27/11.07.2017 | 60/18: ചിന്തിരത്തിൽ റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 314406 |
| 3 | 47/12.10.2017 | 41/18:ചെമ്പരിത്തിയാം പറമ്പ് റോഡ് റി-ടാറിങ്ങ് | 203922 |
| 4 | 76/25.11.2017 | 90/18:പഞ്ചായത്ത് ഓഫീസിന് സൗകര്യം (ക്യാബിൻ, ഇരിപ്പിട സൗകര്യം/ റാക്കുകൾ ഉൾപ്പെടെ | 1245392 |
| ആകെ | | | 2140793 |

## 3-7 ഊർജ്ജിത സാക്ഷരതാ പരിപാടി - പ്രൊജക്ട് മോണിറ്റർ ചെയ്യുന്നതിന് പദ്ധതി തുക ചെലവഴിച്ചു.

പ്രൊജക്ട് നം.190/18

അടങ്കൽ - 100000

ചെലവ് - 100000

ബിൽ നം.10/28-3-18/100000

നിർവ്വഹണം-ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, വരോട്

ഊർജ്ജിത സാക്ഷരതാ പരിപാടി നടത്തുന്നതിനായി മേൽപ്പറഞ്ഞ ബിൽ പ്രകാരം ആകെ 100000 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

എ) 100000 രൂപ പിൻവലിച്ചതിൽ നിന്ന് ശ്രീമതി.ഷാർജ, ശ്രീമതി.വിജയം.കെ.ആർ എന്നീ രണ്ടു പ്രേരകുമാർക്ക് 6 മാസത്തെ ക്ലാസുകൾ മോണിട്ടറിംഗ് നടത്തിയ ചെലവിനത്തിൽ 6000 രൂപ വീതം ആകെ 12000 രൂപ അനുവദിച്ചിരിക്കുന്നു. വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രേരകുമാർ | അക്കൗണ്ട് നമ്പർ | മോണിറ്ററിംഗിന് നൽകിയ തുക |
|---|---|---|
| ശ്രീമതി.ഷാർജ | 31139437806<br>എസ്.ബി.ഐ | 6000 |
| ശ്രീമതി.വിജയം.കെ.ആർ | 44572200021728<br>സിൻഡിക്കേറ്റ് ബാങ്ക് | 6000 |

പ്രൊജക്ടിൽ മോണിട്ടറിംഗ് നടത്തേണ്ടത് വിദ്യാഭ്യാസത്തിന്റെ വർക്കിംഗ്

ഗ്രൂപ്പാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. സർക്കാരിൽനിന്ന് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാർക്കാണ് വീണ്ടും മോണിറ്ററിംഗ് നടത്തുന്നതിന് പദ്ധതി ഫണ്ടിൽനിന്ന് തുക നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി മാർഗരേഖയിലെ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 14.3 ലെ ഉപഖണ്ഡിക (2) പ്രകാരം പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ഓരോ പ്രൊജക്ടിലും തുക വകയിരുത്താനോ ചെലവഴിക്കാനോ പാടില്ല എന്നു വ്യക്തമാക്കിയിട്ടും ഒരു പ്രൊജക്ടിനു കീഴിൽ മോണിട്ടറിംഗ് എന്ന പേരിൽ തുക നൽകിയത് അംഗീകരിക്കുന്നില്ല.

ബി)സാക്ഷരതാ ക്ലാസുകൾ നടന്നിട്ടുള്ളത് ഏതെല്ലാം ദിവസങ്ങളിലാണ് എന്ന് വ്യക്തമല്ല. തുകയുടെ കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നല്ലാതെ ക്ലാസുകൾ നടത്തിയതിന്റെ ഹാജർ പുസ്തകങ്ങളോ അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല.

സി) മോണിറ്ററിംഗ് ചെലവ് കഴിച്ച് ബാക്കി തുകയുടെ ചെലവു വിവരങ്ങളുടെ സംക്ഷിപ്തം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഓരോ ചെലവിനങ്ങളുടെയും കൃത്യമായ തുക കണക്കാക്കുന്നതിന് സാധ്യമായിട്ടില്ല. വാർഡ് തല സംഘാടക സമിതി യോഗങ്ങൾ, സർവ്വേ ക്രോഡീകരണം, ഇൻസ്ട്രക്ടർമാർക്ക് പരിശീലനം, ഇൻസ്ട്രക്ടർമാരുടെ ഹോണറേറിയം മുതലായവയ്ക്കാണ് ബാക്കി തുക ചെലവഴിച്ചിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.20/21-11-2018 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആസൂത്രണ, നിർവ്വഹണ, പൂർത്തീകരണ ഘട്ടങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടില്ലാത്തതിനാലാണ് പദ്ധതി നിർവ്വഹണത്തിൽ ഇത്തരത്തിലുള്ള ന്യൂനതകൾ ഉണ്ടാവുന്നത്.

പദ്ധതി മോണിറ്ററിംഗിനായി സാക്ഷരതാ പ്രേരക്കുമാർക്ക് അനുവദിച്ച തുക 12000 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -

## സബ്സിഡി തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം.197/18

അടങ്കൽ - 300000-വികസന ഫണ്ട്

200000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം

100000-ജില്ലാ പഞ്ചായത്ത് വിഹിതം

-------------------

ആകെ 600000

ചെലവ് - 299973-വികസന ഫണ്ട് (1/26-3-18/261123, 2/26-3-2018/38850)

199998-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ചെക്ക് നം.-1607885/28-3-18)

100000-ജില്ലാ പഞ്ചായത്ത് വിഹിതം (1607886/28-3-18)

ആകെ 599971

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് പ്രകാരം ക്ഷീര വികസനം ലക്ഷ്യമിട്ട് ഗ്രാമപഞ്ചായത്ത് പരിധിയിലെ കോട്ടായി, കണ്ണച്ചിപറമ്പ്, ചെറുകുളം എന്നീ 3 ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ഗുണഭോക്താക്കൾക്ക് പാലിന് സബ്സിഡി തുക വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്) 80/2017 ത.സ്വ.ഭ.വ. 3.4.2017 പ്രകാരം ഡിപ്പാർട്ട്മെന്റ് ഫണ്ട് (1/-രൂപ) തുകയോടൊപ്പം ആകെ സബ്സിഡി തുക ലിറ്ററിന് നാലു രൂപ നിരക്കിൽ വിതരണം ചെയ്യാവുന്നതാണ്. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും നൽകിയിട്ടുണ്ട്. ട്രഷറി ബിൽ, ഗുണഭോക്തൃ ലിസ്റ്റ്, സഹകരണ സംഘങ്ങളിൽ നിന്നുള്ള അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി തുക, ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വിതരണം നടത്തിയിട്ടുള്ളതിന്റെ (അളന്ന

പാലിന്റെ വിവരം, ഏതെല്ലാം മാസങ്ങളിലാണ് അളന്നിട്ടുള്ളത്, സബ്സിഡി എത്ര രൂപ മുതലായവ) കൃത്യമായ വിവരം സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

27-9-2017 – ലെ ഭരണസമിതി തീരുമാനം നം.5(11) പ്രകാരം 3 സഹകരണ സംഘങ്ങളിലായി പാൽ അളക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷീരോത്പാദക സഹകരണ സംഘം | അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കോട്ടായി | 150 |
| കണ്ണച്ചി പറമ്പ് | 162 |
| ചെറുകുളം | 207 |

വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ മേൽ പട്ടികയിലെ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.10/19-11-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച തുക 599971 രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 പശുവളർത്തൽ പദ്ധതി

പശുവളർത്തൽ പദ്ധതി ( എസ്.സി.പി) -162/18

അടങ്കൽ - 870000(plan)

ചെലവ് - 255000-

ബിൽ നമ്പർ - 1/27.1.18- 90000 (6 പേർക്ക്)

7/13.3.18 – 15000 (1)

5/14.2.18- 105000 (7 പേർക്ക്)

6/13.3.18- 30000(2)

7/13/3/18(1)-15000

പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് പശു വാങ്ങുന്നതിനുള്ള സബ്സിഡിയായി 15000 രൂപ വീതം ബാങ്കിലേക്ക് നൽകിയിട്ടുണ്ട്. പശു വാങ്ങുന്നതിന് സബ്സിഡി കൈപ്പറ്റിയ 1) ജാനകി .വി, 2)സുധ w/o മണികണ്ഠൻ.സി എന്നീ ഗുണഭോക്താക്കൾ മറ്റു ഗുണഭോക്താക്കൾക്ക് പശുവിനെ വിറ്റതായും കാണുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പശു വാങ്ങിയ ഗുണഭോക്താവ് | പശുവിനെ വിറ്റ വ്യക്തി |
|---|---|
| ജാനകി .വി ഓടനിക്കാട്<br>ആധാർ നം - 737131328796 | സത്യഭാമ അയ്യംകുളം |
| ദേവകി മഠത്തിൽ വീട്<br>ഓടനിക്കാട് | ജാനകി .വി ഓടനിക്കാട്<br>ആധാർ നം - 737131328796 |
| സുധ<br>w/o മണികണ്ഠൻ.സി<br>318, ചേറുംകോട് | മണി.കെ.പി ചേന്ദങ്കാട് |
| ദേവി.സി.കെ ചേറുംകോട് | സുധ<br>w/o മണികണ്ഠൻ.സി<br>318, ചേറുംകോട് |

ശ്രീമതി. ജാനകി എന്ന ഗുണഭോക്താവ് ഒരു കന്നുകച്ചവടക്കാരാണ് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.പശുവിനെ വാങ്ങുന്ന ഗുണഭോക്താക്കൾ നിലവിലുള്ള പശുക്കളെ വിൽക്കുന്നത് പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന പദ്ധതി ലക്ഷ്യത്തിന് അനുസൃതമല്ല. കൂടാതെ പദ്ധതിക്കായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിക്കാത്തതും വർക്കിംഗ് ഗ്രൂപ്പ് മാർക്ക് രേഖപ്പെടുത്തുകയോ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്. പദ്ധതികളുടെ അപേക്ഷകൾ അംഗീകരിച്ച് മാർക്ക് അടിസ്ഥാനത്തിൽ മുൻഗണനാടിസ്ഥാനത്തിലാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടത്. ഗുണഭോക്തൃതിരഞ്ഞെടുപ്പ് സുതാര്യമായിരിക്കുവാനും കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ആയിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## **3-10** പഠനവീട് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം. - 203/18 (സ്പിൽ ഓവർ)

അടങ്കൽ - 50000 (എസ്.സി.പി)

ചെലവ് - 50000

ബിൽ നം./തിയ്യതി - 10/28-3-2018

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വരോട്

പദ്ധതി ചെലവു രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 6 സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കായി തുക കൈമാറി സ്കൂളുകൾ മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തുകകൾ പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അക്കൗണ്ട് നം. | നൽകിയ തുക |
|---|---|---|
| ശ്രീ.രമേഷ്കുമാർ.എം<br>എ.എൽ.പി.എസ്, കരിയങ്കോട് | 67171211930 | 10000 |
| ശ്രീമതി.അനില.എ.യു<br>എ.എൽ.പി.എസ്, കീഴത്തൂർ | 67171217885 | 8000 |
| ശ്രീമതി.രാജി.എ.കെ<br>എ.യു.പി.എസ്, ചെമ്പ്രകുളം | 67173866815 | 8000 |
| ശ്രീമതി.കെ.ഇന്ദിര<br>ജി.എൽ.പി.എസ്, കോട്ടായി | 67179136203 | 8000 |
| ശ്രീമതി.എം.ജയ<br>ജി.എൽ.പി.എസ്, വരോട് | 67016372985 | 8000 |
| ശ്രീമതി.ആനി ജോസഫ്<br>ജി.എൽ.പി.എസ്, പുളിനെല്ലി | 57015412591 | 8000 |
| ആകെ | | 50000 |

ഹാജരാക്കിയ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ജി.എൽ.പി.എസ്, വരോട് - ചെലവു രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

6 സ്കൂളുകൾക്കാണ് പദ്ധതി നടപ്പിലാക്കുന്നതിന് തുക നൽകിയിട്ടുള്ളത്. എന്നാൽ 5 സ്കൂളുകൾ മുഖേന നടപ്പിലാക്കിയിട്ടുള്ള പഠന വീട് പദ്ധതിയുടെ ചെലവു രേഖകൾ മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയത്. ജി.എൽ.പി.എസ് വരോട് എച്ച്.എം - ന് 8000 രൂപ മേൽ ബില്ല് പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.8/19-11-2018 ന്റെ മറുപടിയിൽ രേഖകൾ കൃത്യമായി തയ്യാറാക്കിയതാണ് ഫയലുകൾക്കിടയിൽ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടെത്തി തിരഞ്ഞെടുക്കുന്നതിനുള്ള സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. തൊട്ടുമുൻസാമ്പത്തിക വർഷത്തെ രേഖകളായതിനാലും പദ്ധതി നടപ്പിലാക്കിയതിന്റെ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ലാത്തതിനാലും പ്രൊജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥയായ

ജി.എൽ.പി.എസ്, വരോട് - ലെ പ്രധാനാധ്യാപികയ്ക്ക് നൽകിയ 8000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

<u>2. രണ്ടു പഠനകേന്ദ്രങ്ങളിൽ ഒരേ സമയം ഒരേ വിദ്യാർത്ഥികൾ പങ്കെടുത്തതായി രേഖകൾ ഹാജരാക്കി</u>

എ.എൽ.പി.എസ് കരിയങ്കോട് 2 സായാഹ്ന പഠന കേന്ദ്രങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതായി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 2017 നവംബർ മാസം മുതൽ 2018 മാർച്ച് മാസം വരെയാണ് 2 കേന്ദ്രങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പഠനകേന്ദ്രം 1 ൽ 25 വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുള്ളതായും പഠനകേന്ദ്രം 2 ൽ 18 വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുള്ളതായിട്ടും രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ലിസ്റ്റ് പ്രകാരവും, ഹാജർ പുസ്തകത്തിലെ വിവരങ്ങൾ പരിശോധിച്ചതിലും രണ്ടു കേന്ദ്രങ്ങളിലും 15 കുട്ടികൾ വീതം ഒരേ പേരും ഇനീഷ്യലും ഉള്ള വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുള്ളതായാണ് രേഖകൾ ഹാജരാക്കിയിട്ടുള്ളത് ഒരേ വിദ്യാർത്ഥികൾക്ക് ഒരേ ദിവസങ്ങളിൽ പഠനവീട് പദ്ധതി (സായാഹ്ന കേന്ദ്രങ്ങൾ) ഒരേ സമയം നടപ്പിലാക്കിയതിന് 2 കേന്ദ്രങ്ങളിലെയും വ്യത്യസ്ത ചെലവു രേഖകൾ ഹാജരാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.8/19-11-2018 - ന് നിർവ്വഹണോദ്യോഗസ്ഥ മുഖാന്തിരം എ.എൽ.പി.എസ് കരിയങ്കോടിലെ പ്രധാനാധ്യപകൻ ഹാജരാക്കിയ മറുപടിയിൽ "2 പഠനവീട് കേന്ദ്രങ്ങളിലും ഒരേ കുട്ടികൾ പഠിക്കുന്നു എന്ന തടസ്സമാദം ശരിയല്ല. ഒരേ പേരുള്ള ധാരാളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. അല്ലാതെ രണ്ടു കേന്ദ്രങ്ങളിലും ഒരേ കുട്ടികൾ പഠിച്ചിരുന്നില്ല" എന്നമാണ് അറിയിച്ചിട്ടുള്ളത്. രണ്ടു പഠനകേന്ദ്രങ്ങളിലും ഒരേ സ്കൂളിലെ തന്നെ പ്രത്യേക വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കു മാത്രമായി എസ്.സി.പി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ 2 കേന്ദ്രങ്ങളിലും യഥാക്രമം 25 ഉം 18 കുട്ടികൾ മാത്രം പങ്കെടുത്തിട്ടുള്ളതിൽ 15 വിദ്യാർത്ഥികൾ വീതവും ഒരേ പേരും ഇനീഷ്യലും ഉള്ളവരാകാമെന്നത് വിശ്വസനീയമല്ല. പദ്ധതികൾ കൃത്യമായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ചെയ്യുന്നുണ്ടെന്ന് മേൽ നോട്ട ചുമതലയുള്ള ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

<u>3. വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്</u>

എ.യു.പി.എസ് ചെമ്പ്രക്കുളത്ത് പഠനവീട് പദ്ധതി നടപ്പിലാക്കിതിന്റെ ചെലവു രേഖകൾ ഹാജരാക്കിയതിനോടൊപ്പം ലഭ്യമാക്കി സബ്‌വൗച്ചറുകളിൽ തുക കൈപ്പറ്റിയ വ്യക്തികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഘുഭക്ഷണം നൽകിയതിന്റെ സബ് വൗച്ചറുകളാണ് ഇത്തരത്തിൽ ഹാജരാക്കിയിട്ടുള്ളത്. "ബന്ധപ്പെട്ട വൗച്ചറുകളിൽ ആവശ്യമായ ഒപ്പുകൾ രേഖപ്പെടുത്തി പുന:സമർപ്പിക്കുന്നതാണ്" എന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണം നം.8/19-11-2018 ന് ലഭ്യമാക്കിയത്.

ചെലവു രേഖകൾ ഹാജരാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാതൃകയിലാണ് വൗച്ചറുകളും ബില്ലുകളും സൂക്ഷിച്ചിട്ടുള്ളത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

വൗച്ചറുകളോടൊപ്പം മതിയായ അനുബന്ധരേഖകൾ ഉറപ്പു വരുത്തുന്നതിനോടൊപ്പം തുകയുടെ സ്വീകർത്താവ് കൈപ്പറ്റ് രസീത് ഒപ്പിട്ടു നൽകിയിട്ടുണ്ടെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-11 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ വാങ്ങൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.

ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വരോട് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം./ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നം./ തിയ്യതി |
|---|---|---|---|
| 253/18<br>രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ വാങ്ങൽ | 100000<br>വികസഫണ്ട്-ജനറൽ | 99997 | 5/ 22-3-2018 |

പദ്ധതി പ്രകാരം ടെന്റർ ക്ഷണിച്ച് (ടെന്റർ പരസ്യം നം.എ2-100/2017 തിയ്യതി-

10-11-2017, 12-11-2017 ലെ ദേശാഭിമാനി ദിനപത്രം, 14-11-2017 ലെ ഇന്ത്യൻ എക്സ്പ്രസ് ദിനപത്രം) ജെ.എസ് ഗിഫ്റ്റ്സ് & ടോയ്സ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ടാക്സ് ഇൻവോയിസ് നം.32/28-2-2018 പ്രകാരം കായികോപകരണങ്ങൾ വാങ്ങി 9 ക്ലബ്ബുകൾക്ക് നൽകിയിട്ടുണ്ട്. വാങ്ങിയ കായികോപകരണങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കായികോപകരണം | എണ്ണം |
|---|---|
| ക്രിക്കറ്റ് ബാറ്റ് | 36 |
| ഷട്ടിൽ ബാറ്റ് | 45 |
| വോളിബോൾ | 18 |
| ഫുട്ബോൾ | 18 |

താഴെ പറയുന്ന 9ക്ലബ്ബുകൾക്ക് മേൽ കായികോപകരണങ്ങൾ തുല്യമായിട്ടാണ് വീതിച്ചു നൽകിയിട്ടുള്ളത്.

1.യൂത്ത് വിങ്സ്, ചെമ്പൈ

2.ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുളിനെല്ലി

3.ട്വിസ്റ്റ് ബോയ്സ് ക്ലബ്ബ് & വായനശാല, പുളിനെല്ലി

4.റെഡ് ഫോർട്ട് ഗ്രൂപ്പ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കണ്ണച്ചിപറമ്പ്

5.യുവമിത്ര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോട്ടായി

6.ന്യൂ കാസ്റ്റോ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുളിനെല്ലി

7.ന്യൂ ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കീഴത്തൂർ

8.സർഗ്ഗാ വായനശാല ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ശാസ്താപുരം

9.ശ്രുതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോട്ടായി

2017-18 വർഷത്തിനു ബാധകമായ സബ്സിഡി മാർഗരേഖ GO(Ms) 80/2017/ LSGD/3.4.17 യിലെ ഖണ്ഡിക നം. 32.10 പ്രകാരം ഇത്തരത്തിലുള്ള രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങളെ സംബന്ധിച്ച് ക്ലബുകളുടെ ഏകോപനസമിതി ആലോചിച്ച് തീരുമാനിക്കണം

2. എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം

3. ഓരോ ക്ലബ്ബുകൾക്കും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം

4. ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണ സമിതി തീരുമാനമാനത്തിനും വിധേയമായി വാങ്ങി നൽകണം

5. വ്യവസ്ഥകൾ തീരുമാനിച്ച ശേഷം വിതരണം നടത്തണം

*6. ഒരു സംഘടനയ്ക്ക് 2000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്.*

എന്നാൽ മേൽ വ്യവസ്ഥകളൊന്നും പാലിച്ചതായി ഹാജരാക്കിയ രേഖകളിൽ നിന്നും ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിൽ യൂത്ത് ക്ലബുകളുടെ ഏകോപനസമിതി രൂപീകരിക്കുകയോ സ്പോർട്സ് കിറ്റ് സംബന്ധിച്ച തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.
- കിറ്റുകൾ നൽകുമ്പോൾ ക്ലബുകളുമായി വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ചമച്ചിട്ടില്ല.
- 27-9-2017 ലെ തീരുമാനം നം.5 പ്രകാരം 17 ക്ലബ്ബുകളുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. പർച്ചേയ്സ് കമ്മിറ്റിയുടെ 27-12-2017 ലെ യോഗത്തിൽ ടെന്റർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തെയും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത യോഗങ്ങളിലൊന്നും തന്നെ വാങ്ങാൻ ഉദ്ദേശിക്കുന്ന കായികോപകരണങ്ങളുടെ ലിസ്റ്റ്, സാമ്പത്തിക പരിധി എന്നിവ നിശ്ചയിക്കപ്പെട്ടിട്ടില്ല.
- *ഓരോ ക്ലബിനും 2000/- രൂപയിൽ അധികരിച്ച തുകയ്ക്കുള്ള കായിക ഉപകരണങ്ങൾ നൽകി. 9ക്ലബ്ബുകൾക്ക് ആകെ 18000 രൂപ വരെയാണ്*

*ചെലവഴിക്കാവുന്നത്. എന്നാൽ ആകെ 99997 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിനാൽ അനുവദനീയമായ സബ്സിഡി നിരക്കിനേക്കാൾ 81997 രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്. തുകയുടെ പരിധി, നൽകാനുദ്ദേശിക്കുന്ന ക്ലബ്ബുകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങളൊന്നും തന്നെ അംഗീകരിച്ച പ്രൊജക്ടിലും രേഖപ്പെടുത്തിയിട്ടില്ല.*

ഓഡിറ്റ് അന്വേഷണം നം.8, തീയതി-19-11-2018 ന്റെ മറുപടിയിൽ "ക്ലബ്ബുകളുടെ യോഗം വിളിച്ച് ചേർക്കണമെന്ന് അറിയില്ലായിരുന്നു. അതിനാൽ വന്ന വീഴ്ച ഇനിമേൽ ആവർത്തിക്കില്ലെന്നും" മാത്രമാണ് വിശദീകരിച്ചിട്ടുള്ളത്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അധികം ചെലവഴിച്ച പദ്ധതി തുക 81997രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 വിദ്യാർത്ഥികളല്ലാത്തവർക്ക് ലാപ്ടോപ് നൽകി

പ്രൊജക്ട് – ലാപ്ടോപ്പ് വിതരണം (125/18)

അടങ്കൽ - 1560000

ചെലവ് - ബിൽ - 25/24.3.18 - 1428752

പദ്ധതി പ്രകാരം 52 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ചിപ്പ്സെറ്റ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 27476 രൂപ വിലയുള്ള കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയത്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന 3 പേർ 2016-17 ൽ പഠനം പൂർത്തിയാക്കിയവരാണ് എന്ന് വ്യക്തമായി.

| | |
|---|---|
| ദിവ്യകൃഷ്ണ.കെ | മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 2016-17 ൽ കോഴ്സ് പൂർത്തിയായി |
| ജിതിൻ.സി | മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 2016-17 ൽ കോഴ്സ് പൂർത്തിയായി |
| സുകൃഷ്ണ.യു | 2016-17 ൽ ബി.ബി.എ. കോഴ്സ് പൂർത്തിയാക്കി . |

പദ്ധതി മാർഗരേഖ ജി.ഒ.(എം.എസ്) 80/17/തസ്വഭവ 3.4.17 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് എഞ്ചിനിയറിംഗ്, മെഡിക്കൽ എന്നീ കോഴ്സുകൾക്ക്പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്. സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും വ്യവസ്ഥയുണ്ട്.മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി 2017-18 ൽ വിദ്യാർത്ഥികളല്ലാത്ത ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള ( 14/21.11.18) മറുപടിയിൽ 2016-17 വർഷത്തെ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളായിരുന്നു എന്നും 2016-17 ൽ അവർക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞിരുന്നില്ല എന്നുമാണ് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന ലാപ്ടോപ്പ് വിദ്യാർത്ഥികളല്ലാത്തവർക്ക് നൽകിയത് അംഗീകരിക്കാവുന്നതല്ല.

പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരിൽ മേൽപറഞ്ഞ 3 ഗുണഭോക്താക്കൾ ഒഴികെ മറ്റെല്ലാവരും 2017-18 വർഷത്തിലും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്.

വിദ്യാർത്ഥികൾക്കാണ് പദ്ധതി പ്രകാരം ലാപ്ടോപ് നൽകാവുന്നത് എന്നതിനാൽ പദ്ധതി കാലയളവിൽ വിദ്യാർത്ഥിയല്ലാത്തവർക്ക് ലാപ്ടോപ്പ് നൽകുന്നത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗരേഖ ഖണ്ഡിക 2.2 പ്രകാരം മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ഇപ്രകാരം സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാർഗരേഖയുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും മാർഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി വിദ്യാർത്ഥികളല്ലാത്ത 3 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 3x27476 = 82428 രൂപ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 ഭിന്നശേഷിക്കാർക്ക് ട്രൈ സൈക്കിൾ- വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കണം

പ്രോജക്ടിന്റെ പേര്- ഭിന്നശേഷിക്കാർക്ക് ട്രൈ സൈക്കിൾ

പ്രോജക്ട് നമ്പർ - 167/17-18

അടങ്കൽ - 460350 (വികസന ഫണ്ട്)

ചെലവ് - 260000

നിർവഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

ബിൽ നമ്പർ - 4/17-18 തിയതി 10.10.2018

പാലക്കാട് ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ഭിന്നശേഷിക്കാർക്ക് ട്രൈ സൈക്കിൾ എന്ന സംയുക്ത പ്രൊജക്ടിന് ഗ്രാമ പഞ്ചായത്ത് വിഹിതം 260000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് (a/c no.799011400022OO) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് 29.6.17 ലെ ഭരണസമിതി അംഗീകരിച്ച 13ഗുണഭോക്താക്കളുടെ ലിസ്റ്റും ഒരാൾക്ക് 20000 എന്ന നിരക്കിൽ ഗ്രാമപഞ്ചായത്ത് വിഹിതവുമാണ് നൽകിയത്. തുടർന്ന് 16.3.18 ന് ജില്ലാപഞ്ചായത്ത് നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുവാൻ ആവശ്യപ്പെട്ട് ഗുണഭോക്താക്കൾക്ക് കത്ത് നൽകിയെങ്കിലും എല്ലാവരും മെഡിക്കൽ ക്യാമ്പിൽ ഹാജരായില്ല എന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് ട്രൈസൈക്കിൾ വിതരണം ചെയ്തത് എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. 6 ട്രൈസൈക്കിളിനുള്ള സബ്സിഡി തുകയായ 120000 മാത്രമാണ് വിനിയോഗിച്ചത് എന്നതിനാൽ ജില്ലാപഞ്ചായത്തിൽ ബാലൻസുള്ള 160000 രൂപ തിരികെ ഈടാക്കേണ്ടതാണ്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും നീക്കിയിരുപ്പ് തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-14 വയോജനങ്ങൾക്ക് കട്ടിൽ - നിർവഹണത്തിലെ അപാകതകൾ

സ.ഉ (എം.എസ്)നം80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ 500000/-രൂപയിൽ താഴെയുള്ള വാങ്ങലുകൾ മാത്രമേ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളത്. സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD dt.30.04.15,GO(p) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക്കട്ടിൽ വാങ്ങുന്നതിനുള്ള താഴെ പറയുന്ന പദ്ധതികളിൽ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | 165/2017-18 | 270/2017-18 | 166/2017-18 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | വൃദ്ധപരിപാലനം (SCP) |
| അടങ്കൽ | വികസന ഫണ്ട് -39116 | വികസന ഫണ്ട്-200000 | വികസന ഫണ്ട്-SCP-605350 |
| ബിൽ നം | 6/21.10.17-39116 | 10/12.03.18-200000 | 5/21.10.17-604684 |
| ഇൻവോയ്സ് | Dt 20.09.17 - 9 കട്ടിൽ 39316രൂപ | Dt 14.12.17- 46 കട്ടിൽ 200000രൂപ | Dt 20.9.17- 139 കട്ടിൽ 604684/- |
| ആകെചെലവ് | 39116 | 200000 | 604684 |

3 പദ്ധതികളിലായി ആകെ 194 കട്ടിലുകൾ ARTCO നൽകിയിട്ടുണ്ട്. GO(Rt)no 09/2017/SPD dt 14.02.2017 പ്രകാരമുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ARTCO യിൽ നിന്നും നേരിട്ട് പർച്ചേസ് നടത്തിയത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ഉത്തരവിലെ ഫർണീച്ചറുകളുടെ റേറ്റ്കോൺട്രാക്ട് പ്രകാരമുള്ള വിലവിവര പട്ടികയിൽ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ ഉൾപ്പെടുന്നില്ല.(കട്ടിലിന്റെ സ്പെസിഫിക്കേഷൻ - നീളം 1.98 mtr വീതി 90cm,front leg 60 cm L,back leg 50 cm L,Top 8 mm plywood) ആയതിനാൽ ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും,സാമ്പത്തിക ലാഭവും ഇല്ലാതായി.

മറുപടിയായി നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഭാവിയിൽ അപാകതകൾ ആവർത്തിക്കില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

# 3-15 ലൈഫ് മിഷൻ പദ്ധതി

## 1. ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താവിൽ നിന്നും സബ്സിഡി തിരികെ ഈടാക്കിയിട്ടില്ല

പദ്ധതി – ഭവനനിർമ്മാണം പൂർത്തീകരണം (എസ്.സി.പി)- 174/18)
അടങ്കൽ – 1266666
ചെലവ് – 945000

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരണപദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുത്ത ശ്രീമതി. തങ്ക ചാത്തൻ (നമ്പർ -15994)എന്ന ഗുണഭോക്താവിന് മുൻകൂറായി 20000/- രൂപ (ബിൽ നമ്പർ 8/17.1.18 പ്രകാരം പിൻവലിച്ച 320000 രൂപയിൽ നിന്നും) നൽകിയിട്ടുണ്ട്. എന്നാൽ 5.2.18 ലെ ഭരണസമിതി തീരുമാനം 10(1) പ്രകാരം ഇവരെ ലൈഫ് പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എം.എൽ. എ.ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിട്ടുള്ളതിനാലും പ്രസ്തുത സ്കീമിൽ നിന്നും ഇവർക്ക് ഭവനനിർമ്മാണത്തിന് ആനുകൂല്യം

ലഭ്യമാകുന്നതിനാലുമാണ് ശ്രീമതി.തങ്കയെ ലൈഫ് മിഷനിൽ നിന്നും ഒഴിവാക്കിയത്. എന്നാൽ ലൈഫ് പദ്ധതിയിൽ നിന്നും ഇവർക്ക് മുൻകൂറായി അനുവദിച്ച 20000 രൂപ നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (15/21.1.18) മറുപടിയായി തുക തിരിച്ചടക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട് എന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

ലൈഫ് പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

| പേര് | അനുവദനീയമായ തുക | കൈപ്പറ്റിയ തുക | present stage |
|---|---|---|---|
| മാളു - 49627 | 3,80,000 | 3,70,000 | Roof level |
| ജാനകി 22695 | 200000 | 180000 | പൂർത്തിയായതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട് |
| പാർവതി 15886 | 100000 | 80000 | പൂർത്തിയായതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട് |
| കാളി | 100000 | 80000 | പൂർത്തിയായതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട് |
| ഗോപാലൻ 69231 | 380000 | 370000 | Lintel level |

പദ്ധതി കാലാവധി അവസാനിച്ച സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്ട് നം. - 255/18

അടങ്കൽ - 40000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 40000

ബിൽ നം. - 6/16-3-2018

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ ഹോംകോയിൽ നിന്നും ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി 17.03.18ന് 40000രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഹോംകോയ്ക്ക് (എസ്.ബി.ഐ അക്കൗണ്ട് നം.34306403911) കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. പ്രസ്തുത തുകയ്ക്കുള്ള 22 ഇനം മരുന്നുകളുടെ പ്രൊഫോർമ ഇൻവോയിസ് (നം.PF-954/24-10-2017) ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 27-3-2018 തിയ്യതിയിൽ മരുന്നുകളുടെ വിശദമായ ഇന്റന്റും അയച്ചു നൽകിയിട്ടുള്ളതായി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നത് അഭികാമ്യമല്ല. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.9/19-11-2018

## 3-17 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

സർക്കാർ ഉത്തരവ് (സാ .) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തനതു വരുമാനം താരതമ്യേന കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള

പദ്ധതികളുടെ നടത്തിപ്പ് വലിയൊരു ബാധ്യതയാകാതിരിക്കാൻ അടിയന്തിരമായി ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് ലഭ്യമായ രേഖകൾ പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായുള്ള തൻവർഷത്തെ ചെലവ് 1410887/-രൂപയും , വെള്ളക്കരം വരവ് 564235/- രൂപയുമാണ് (തൻവർഷം - 363731+ കുടിശ്ശിക – 200504) . വരവും ചെലവും തമ്മിൽ 846652/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വെള്ളക്കരം കുടിശ്ശിക 1894867/- രൂപ പിരിച്ചെടുക്കാനുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വെള്ളക്കരത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക കണക്കാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. സർക്കാർഉത്തരവ്(സാ.)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പാക്കേണ്ടതാണ്.

ആയതിനാൽ പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് . മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേ

ശ്രദ്ധ ക്ഷണിയ്ക്കുന്നു.

# 3-18 വാഹനങ്ങളുടെ ഉപയോഗം - രേഖകൾ സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിലെ പാലിയേറ്റീവ് പദ്ധതിക്കായി ഉപയോഗിക്കുന്ന വാഹനം KL-49D-999 ന്റെ കസ്റ്റോഡിയൻ ഓഫീസർ മാർഗനിർദേശങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ - സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ മെഡിക്കൽ ഓഫീസർ താഴെ പറയുന്നവ സൂക്ഷിക്കേണ്ടതാണ്.

- 1. ലോഗ് ബുക്ക് 2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക് 3. റിപ്പയർ രജിസ്റ്റർ 4. ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.
- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം നിശ്ചിത ഫോറത്തിലുള്ള ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
  വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 100000 | പാൽ സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 549450 | ഉഴവ് കൂലി | 549450 | 0 |
| | 200000 | പാൽ സ ബ്സിഡി | 199998 | 2 |
| | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2017-18 ൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു

| ക്രമനമ്പർ | പ്രൊജക്ട് | ബിൽ നമ്പർ/ തിയതി | നിക്ഷേപിച്ച തുക | സ്ഥാപനം |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് ലൈൻസ്ഥാപിക്കൽ (31/18) | 17/27.12.17 | 400000 | കെ.എസ്.ഇ.ബി - കോട്ടായി |
| 2 | ഇലക്ട്രിസിറ്റിലൈൻ സ്ഥാപിക്കൽ (161/18) | 18/27.12.17 | 249980 | കെ.എസ്.ഇ.ബി |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

## നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3245 രൂപ ഈടാക്കിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | ലഭ്യമായില്ല. AFS, Ledger എന്നിവ പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത് | 3245 | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. വരോട് | 11717101366/ 7.6.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ചാർജ് സർചാർജ് നടപടി പ്രകാരം ഈടാക്കിയ തുക

ഒന്നുമില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 68671135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71267112 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 176425 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 607971 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 5604 | ശ്രീ.രാധാകൃഷ്ണൻ.കെ അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-7 | | 12000 | ശ്രീമതി.എം.ജയ,പ്രധാനാദ്ധ്യാപിക ജി.എൽ.പി.എസ്.വരോട് |
| 3-11 | | 81997 | ശ്രീമതി.എം.ജയ,പ്രധാനാദ്ധ്യാപിക ജി.എൽ.പി.എസ്.വരോട് |
| 3-12 | | 82428 | ശ്രീ. ശശികുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 182029 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 21,40,793 | ശ്രീ.രാധാകൃഷ്ണൻ.കെ അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-8 | 5,99,971 | ശ്രീമതി.ജയലക്ഷ്മി ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 3-10 | 8000 | ശ്രീമതി.എം.ജയ,പ്രധാനാദ്ധ്യാപിക<br>ജി.എൽ.പി.എസ്.വരോട് |
| ആകെ | 27,48,764 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഒന്നുമില്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | -------- |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.എം.ജയ<br>ഹെഡ്മാസ്റ്റർ<br>ജി.എൽ.പി.എസ്.വരോട് | പ്രധാനാദ്ധ്യാപിക<br>ജി.എൽ.പി.എസ്.വരോട് | നെടുകണ്ണി<br>ആലത്തൂർ (പി.ഒ)<br>പാലക്കാട്-678541 |
| ശ്രീ. ശശികുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കോട്ടായി | പ്രശാന്തം, മരുതംപറമ്പിൽ<br>വരോട് (പി.ഒ),കോട്ടായി |
| ശ്രീ.രാധാകൃഷ്ണൻ.കെ അസിസ്റ്റന്റ് എഞ്ചിനിയർ | | മാണിയംകാട് വീട്,ചുള്ളിയോട്, അംബികാപുരം, പാലക്കാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | വിഷയം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1996-97 | LF.P7/1024 /99/3-6-2000 | പുനരഭിപ്രായം | 4 |
| 1997-98 | LFP12/415/02/ 15.5.02 | ഹെഡാഫീസ് കത്തിനുള്ള മറുപടി | 5 |
| 1998-99 | LFP12/943/01/15.10.01 | ഫർദർറിമാർക്സ് | 6 |
| 1999-2000 | LFP12/640/01 /16.1.02 | ഓഡിറ്റ് റിപ്പോർട്ട് | 5 |
| 2000-01 | LFP8/679/05/16.5.06 | ഫർദർ റിമാർക്സ് | 5 |
| 2001-02പ്ലാൻ | LFP8/598/05/14.5.06 | ഫർദർ റിമാർക്സ് | |
| 2001-2002 വരവ്-ചെലവ് | LFP8/598/05/5.8.06 | ഫർദർ റിമാർക്സ് | 6 |
| 2002- 03 | LFP15/528/06/ 15.9.2006 | ഓഡിറ്റ് റിപ്പോർട്ട് | 6 |
| 2003-04 | LFP15/655/08/ 20.8.2009 | ഫർദർ റിമാർക്സ് | 9 |
| 2004-05 | LFP15/748/11/7.6.11 | ഫർദർ റിമാർക്സ് | 1 |
| 2005-06 | LFP15/1124/11/5.9.11 | ശുദ്ധിപത്രം | 3 |
| 2006-07 | LFP15/1864/11/5.1.12 | ഫർദർറിമാർക്സ് | 5 |
| 2007-08 | LFP15/398/15/4.5.15 | ശ്രീ.സുബ്രഹ്മണ്യൻ, സെക്രട്ടറിയെ നേരിൽ കേട്ടത് സംബന്ധിച്ച് | 6 |
| 2008-09, 09-10, 10-11 | LFP15/602/12/6.6.15 | ഖ - 3(6), 3(10) എന്നിവ ഒഴിവാക്കിയതുസംബന്ധിച്ച് | 12 |
| 2011-12 | LFP11/1701/13/ 31.10.2013 | ഫർദർ റിമാർക്സ് | 11 |
| 2012-13 | KSA-PKD15/1025/15/ 17-9-2015 | ഫർദർ റിമാർക്സ് | 9 |
| 2013-14 2014-15 | KSA-PKD15/957/16 29.6.16 | ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |
| 2015-16 | KSA-PKD15/19/2017 29.12.17 | പുനരഭിപ്രായം | 12 |
| 2016-17 | KSA-PKD15/1173 /2017/6.03.18 | പുനരഭിപ്രായം | 11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. താത്കാലിക മുൻകൂർ തുക – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് നൽകിയ മുൻകൂർ തുക 63300 രൂപ തൻവർഷം ക്രമീകരിച്ചതിന്റെ വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (രസീതി നം. 117230900044/31-3-2018).

മുൻകൂർ രജിസ്റ്റർ പ്രകാരം തുക ക്രമീകരിക്കുവാൻ ബാക്കിയില്ലെങ്കിലും ഹെഡ്ഡ് മാറി 140400199 എന്ന ഹെഡ്ഡിൽ വരവു വെച്ചതിനാൽ ബാലൻസ് ഷീറ്റിൽ B-15 സ്റ്റേറ്റ്മെന്റിൽ കുടിശ്ശിക നിലനിൽക്കുന്നതായി കാണിച്ചിട്ടുണ്ട്.

3. വസ്തു നികുതി: 31-3-2018 ലെ സഞ്ചയ സോഫ്റ്റ്‌വെയറിലും സാംഖ്യയിലും ഉള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ നൽകിയിട്ടില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. വെള്ളക്കരം രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 1658438 രൂപ കുടിശ്ശികയായി

രേഖപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം - 2

## ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ

| | | | |
|---|---|---|---|
| **Kottayi Grama Panchayat BALANCE SHEET** | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 17262186.30 |
| 312000000 | Reserves | B-3 | 45432210.00 |
| | **Total Reserve & Surplus** | | **62694396.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4259006.00 |
| | **Total Grants, Contributions for Specific Purposes** | | **4259006.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 696980.00 |
| 350000000 | Other Liabilities | B-9 | 867031.20 |
| | **Total Current Liabilities and Provisions** | | **1564011.20** |
| | **TOTAL LIABILITIES** | | **68517413.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 60555218.00 |
| 411000000 | Accumulated Depreciation | B-11 | -1205478.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **59349740.00** |

| | | | |
|---|---|---|---|
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5530591.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -579903.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 4030486.00 |
| 460000000 | Loand, Advances and Deposits | B-18 | 186499.00 |
| | **Total Current Assets, Loans and Advances** | | **9747576.50** |
| | **Total Current Assets, Loans and Advances** | | **-579903.00** |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| **TOTAL ASSETS** | **68517413.50** |

**Kottayi Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3281333.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 78792.00 |
| 140000000 | Fee & User Charges | I-4(b) | 1928500.00 |
| 150000000 | Sale & Hire Charges | I-5(b) | 161764.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 100515455.00 |
| 171000000 | Interest Earned | I-8 | 92693.00 |
| 180000000 | Other Income | I-9 | 478652.00 |
| | **Total Income** | | **106537189.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8799841.00 |
| 220000000 | Administrative Expenses | I-11(b) | 1714320.00 |
| 230000000 | Operations & Maintenance | I-12(b) | 4058738.00 |
| 240000000 | Interest & Finance Charges | I-13 | 684.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5953513.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28904577.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2984058.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1174746.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 39897580.00 |
| 255000000 | Maintenance Projects | I-14(e) | 11539318.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 45000.00 |
| | **Total Expenditure** | | **105096375.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1440814.00** |
| 280000000 | Prior Period Item | I-18 | -360.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **1441174.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| **Kottayi Grama Panchayat RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 6575843.00 |
| Cash | Cash | RP-40(a) | 50620.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 910856.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 983826.00 |
| 150000000 | Sale & Hire Charges | RP-5 | 161764.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55902406.00 |
| 171000000 | Interest Earned | RP-9 | 92693.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3817407.00 |
| 350000000 | Other Liabilities | RP-36 | 1964013.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 9140.00 |
| 340000000 | Deposits Received | RP-34 | 222230.00 |
| 350000000 | Other Liabilities | RP-36 | 174443.00 |
| 410000000 | Fixed Assets | RP-38 | 5699.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3881005.00 |
| 460000000 | Loans, Advances and Deposits | RP-47 | 545653.00 |
| | **Grand total** | | **75297598.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2855269.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 1714320.00 |
| 230000000 | Operations & Maintenance | RP-13 | 3681499.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3645179.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17265248.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2984058.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1174746.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1211680.00 |

ഡെപ്യൂട്ടി ഡയറക്ടർ.